## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3665 — 19/02/2013 - ൽ മറുപടിക്ക്

## തീരദേശ മത്സ്യത്തൊഴിലാളി വികസന പാക്കേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയുടെയും സുസ്ഥിരമായ നിലനില്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഏതെങ്കിലും പ്രത്യേക പാക്കേജ് പദ്ധതി ആലോചനയിലുണ്ടോ;എങ്കിൽ വിശദീകരിക്കാമോ ; | (എ) തീരദേശ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയുടെയും സുസ്ഥിരമായ നിലനില്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കി വരുന്നു. NFWF സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയുള്ള മാതൃകാ മത്സ്യഗ്രാമം പദ്ധതി, ശൗചാലയങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ, ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും, ഫിഷറീസ് ഹാർബറുകളുടെയും വികസനം, സമഗ്ര കടൽ സുരക്ഷാ പദ്ധതി, തീരമൈത്രി പദ്ധതി എന്നിവ അവയിൽ ചിലതാണ്. |

| | | |
|---|---|---|
| (ബി) കേരളത്തിന് സ്വന്തമായി ഒരു പാക്കേജ് ഉണ്ടാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) & (സി) | കേരളത്തിന് സ്വന്തമായി മത്സ്യമേഖലയുടെ സുസ്ഥിര നിലനില്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇത്തരമൊരു പാക്കേജ് കേന്ദ്രത്തിന് എന്ന് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ